**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കാസർഗോഡ് ജില്ലാ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. എം. മാധവൻനായരുടെ സമയബന്ധിത ഹയർഗ്രേഡ് പുനർനിർണ്ണയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

**സഉ(സാധാ)നം.862/2016/തസ്വഭവ തീയതി,തിരുവനന്തപുരം, 26/02/2016**

---

പരാമർശം : 1) 26/02/2011 ലെ സ.ഉ(പി).85/2011/ധന നമ്പർ ഉത്തരവ്.
2) പഞ്ചായത്ത് ഡയറക്ടറുടെ 10/03/2015 ലെ ഇ 10-4612/14 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലാ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ എം. മാധവൻനായർക്ക് **27** വർഷം സേവനം പൂർത്തിയായതിന്റെ ഹയർഗ്രേഡ് അനുവദിച്ച് ഉത്തരവായിരുന്നു എന്നും എന്നാൽ ഹയർഗ്രേഡ് ഫിക്സ് ചെയ്ത് നൽകിയപ്പോൾ സ്റ്റാഗ്നേഷൻ ആയതിനാൽ **2** ഇൻക്രിമെന്റ് ആനുകൂല്യം പൂർണ്ണമായും ലഭിച്ചില്ലാ എന്നും ആയതിനാൽ സ്പഷ്ടീകരണം നൽകണമെന്നും പരാമർശിത കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. മാധവൻ നായർക്ക് **23/07/2009** തീയതി പ്രാബല്യത്തിൽ മൂന്നു വർഷ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുകയും ടിയാൻ അന്നേദിവസം തന്നെ **2009** ശമ്പള പരിഷ്കരണം ഓപ്റ്റ് ചെയ്യുകയും ചെയ്തു. പ്യൂൺ പ്രവേശന തസ്തികയായിട്ടുള്ള ജീവനക്കാർക്ക് **2009** ശമ്പള പരിഷ്കരണ ഉത്തരവിലെ അനക്സർ **III** പട്ടിക **1** പ്രകാരം **22** വർഷ **3**-ാം സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കേണ്ടത് **9940-16580** ശമ്പള സ്കെയിലിൽ ആണ്. ടിയാന്റെ **2009** ശമ്പള പരിഷ്കരണം **9190-15780** ശമ്പള സ്കെയിലിൽ അനുവദിച്ചത് ക്രമപ്രകാരമല്ല.ആയതിനാൽ **23/07/2009** തീയതി പ്രാബല്യത്തിൽ **9940-16580** ശമ്പള സ്കെയിലിൽ ശമ്പളം നിർണ്ണയിക്കുമ്പോൾ **01/07/2011** ലും **01/07/2012** ലും അനുവദിച്ച സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾ റദ്ദാക്കി താഴെപ്പറയുംപ്രകാരം പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നു.

PR 2009 23/07/2009 15380

(9940-270-11020-300-12220-330-13540-360-14980-400-16580)

1/07/2010 15780

01/07/2011 16180

01/07/2012 16580

01/07/2013 16580+400(16980) 1st stagnation increment

4th സമയബന്ധിത ഹയർഗ്രേഡ് 23/07/2013 (10480-18300)

23/07/2013 ലെ അടിസ്ഥാന ശമ്പളം 16980(16580+400 SI)

NI 400 17380

440

Pay fixed 17820 28A(17420+400PP)

അടുത്ത ഇൻക്രിമെന്റ് 1/07/2014= 17860+400 PP

ശ്രീ. മാധവൻ നായർക്ക് 08/11/2013-ലെ ഉത്തരവു നം. എ 5-8363/13 പ്രകാരം കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അനുവദിച്ച നൽകിയ 27 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡിന്റെ ശമ്പള നിർണ്ണയവും മേൽ പ്രസ്താവിച്ച പ്രകാരം പുനർ നിർണ്ണയിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൻ.നന്ദകുമാർ**

**ഗവ.ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (യു.ഒ നം.69316 /PRC A1. /15/ധന പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ